**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1488** **07.06.2018 ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**കോതമംഗലം മണ്ഡലത്തിലെ ഭൂമി കൈവശക്കാർക്ക് പട്ടയം**

| | | |
|---|---|---|
| (എ) | കോതമംഗലം നിയമസഭ മണ്ഡലത്തിലെ കുട്ടമ്പുഴ,കല്ലേലിമേട്, മണികണ്ഠചാൽ, മാമലക്കണ്ടം, നേര്യമംഗലം, കീറുപ്പാറ, കവളങ്ങാട് പ്രദേശങ്ങളിലെ വനഭൂമി കൈവശക്കാർക്കും റവന്യൂ ഭൂമി കൈവശക്കാർക്കും പട്ടയം നല്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) കോതമംഗലം നിയമസഭ മണ്ഡലത്തിലെ കുട്ടമ്പുഴ, നേര്യമംഗലം, കീരമ്പാറ, കവളങ്ങാട് പ്രദേശങ്ങളിലെ വനഭൂമി കൈവശം വച്ച് വന്നിരുന്നതും സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 1371 പേർക്ക് 325.44.40 ഹെക്ടർ ഭൂമി പതിച്ച് നൽകിയിട്ടുള്ളതാണ്. കല്ലേലിമേട്, മണികണ്ഠചാൽ പ്രദേശങ്ങളിൽപ്പെട്ട സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഭൂമി പതിച്ച് നൽകിയിട്ടില്ലാത്തതാണ്. ടി ഭൂമി റീസർവെയ്ക്ക് ശേഷം റവന്യൂ രേഖകളിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലാണ് പതിച്ച് നൽകാത്തത്.<br>മേൽ പറഞ്ഞിട്ടുള്ള വില്ലേജുകളിൽ റവന്യൂ ഭൂമി കൈവശം വച്ച് വന്നിരുന്നതിൽ എൽ.എ. കമ്മിറ്റി പാസാക്കിയ 133 പേരിൽ 80 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ബാക്കിയുള്ളവ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്. |
| (ബി) | കുട്ടമ്പുഴ വില്ലേജിലെ കല്ലേലിമേട്-മണികണ്ഠചാൽ പ്രദേശത്ത് 1970 ന് മുമ്പായി ഭൂമി കൈവശപ്പെടുത്തി കൃഷി ചെയ്ത് ജീവിക്കുന്നവരും കൈവശ രേഖ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| | നല്കിയിട്ടുള്ളവരുമായ കൃഷിക്കാർക്ക് സർവ്വേ രേഖയിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതു മൂലം പട്ടയം കിട്ടാതിരിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | |
| (സി) | ആദിവാസികളാരും താമസിക്കാത്ത മേഖലയിൽ തെറ്റായി ഹിൽമെൻ സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയ നടപടി പുനപരിശോധിച്ച് ഇടുക്കി പാക്കേജിന്റെ ഭാഗമായി പട്ടയം നല്കിയതുപോലെ കോതമംഗലം താലൂക്കിലെ പട്ടയ വിതരണ നടപടി ആരംഭിക്കുമോ; വിശദമാക്കാമോ? | (സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ